# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 28, വ്യാഴം
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

<u>റേഷൻ സാധനങ്ങളുടെ ഗുണനിലവാരം</u>

*391 ശ്രീ. ലൂഡി ലൂയിസ്
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ;

(ബി) ഗുണനിലവാരം പരിശോധിക്കുവാൻ ലബോറട്ടറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവ്</u>

*392 ശ്രീ. വി. ചെന്താമരാക്ഷൻ
,, എം. ചന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഇളവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ഒരു തീരുമാനത്തിലേയ്ക്ക് നയിച്ച സാഹചര്യമെന്താണ്;

(സി) ഈ തീരുമാനം ഭൂമാഫിയകൾ ദുരുപയോഗം ചെയ്യാൻ സാദ്ധ്യത ഉണ്ടാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ തീരുമാനം വയൽ പ്രദേശങ്ങൾ കുറയുന്നതിന് ഇടയാക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>വെട്ടിക്കുറച്ച റേഷൻ വിഹിതം പുനഃസ്ഥാപിക്കുന്നതിന് സർവ്വകക്ഷിസംഘം</u>

*393 ശ്രീ. കെ. വി. വിജയദാസ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. വി. ശിവൻകുട്ടി
'' ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിന് അർഹതപ്പെട്ട അരിവിഹിതവും മണ്ണെണ്ണയും വെട്ടിക്കുറച്ചത് പുനഃസ്ഥാപിച്ചു കിട്ടുന്നതിനായി കേരളത്തിൽ നിന്നും ഒരു സർവ്വകക്ഷിസംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കുവാൻ തയ്യാറാകുമോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>സഞ്ചയിക സമ്പാദ്യ പദ്ധതി</u>

*394 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനുവേണ്ടി നിലവിലുണ്ടായിരുന്ന സഞ്ചയിക എന്ന പദ്ധതി പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിക്ക് പകരമായി മറ്റേതെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന് ഉദ്ദേശ്യമുണ്ടോ ;

(സി) സഹകരണ വകുപ്പുമായി ചേർന്ന് സ്കൂൾ സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തികൊണ്ട് സ്കൂൾ വിദ്യാർത്ഥികളുടെ ചെറുസമ്പാദ്യം സ്വരൂപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ശബരിമല റോഡുകളുടെ മെയിന്റനൻസ്</u>

*395 ശ്രീ. കെ. മുരളീധരൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല റോഡുകളുടെ ഹെവി മെയിന്റനൻസിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്ത് തുക പ്രത്യേക അനുമതി പ്രകാരം നൽകിയിട്ടുണ്ടെന്ന് പറയുമോ;

(സി) ഇതിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ഡി) എങ്കിൽ അടുത്ത മണ്ഡലകാലത്തിന് മുൻപ് ഇത് സമയബന്ധിതമായി പൂർത്തിയാക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ഇ-ടെൻഡർ</u>

*396 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡർ പൂർണ്ണമായി നടപ്പാക്കുന്നതിനുളള നടപടികൾ ഏത് ഘട്ടംവരെയായി;

(ബി) പ്രസ്തുത വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതാണ്;

(സി) നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ ഭാഗമായി എൻ. ഐ. സി. യുടെ സോഫ്റ്റ്‌വെയർ എന്നുമുതൽ ഉപയോഗിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ;

(ഡി) നിലവിലുളള സോഫ്റ്റ് വെയറിനെ അപേക്ഷിച്ച് എൻ. ഐ. സി. യുടെ സോഫ്റ്റ് വെയറിനുള്ള മേൻമ എന്താണ്;

(ഇ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡർ പൂർണ്ണമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏകോപനം</u>

*397 ശ്രീ. കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, സി. കെ. സദാശിവൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്ത് വിവിധ സംവിധാനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ശക്തിപ്പെടുത്താൻ മുൻസർക്കാരിന്റെ കാലത്ത് കെ.സി.എഫ് മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തയ്യാറാകുമോ;

(ബി) വിദ്യാഭ്യാസഘടനാമാറ്റം സംബന്ധിച്ച ലിഡാ കമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇവ ആരെല്ലാമായിട്ടാണ് ചർച്ച ചെയ്തിട്ടുള്ളത്;

(സി) അദ്ധ്യാപക വിദ്യാർത്ഥി സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണാധികാരികൾ എന്നിവരുമായി ചർച്ച ചെയ്തിരുന്നുവോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം</u>

*398 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽകുമാർ
,, വി. ശശി
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ ; എങ്കിൽ ഓരോ ഇനത്തിന്റെ നാശനഷ്ടത്തിനും നിശ്ചയിച്ചിട്ടുളള പരമാവധി നഷ്ടപരിഹാരം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരതുക കുറവാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് വർദ്ധിപ്പിക്കാനുദ്ദേശിക്കു ന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയുടെ വർദ്ധനവിനാണ് ഇതിൽ നിർദ്ദേശിച്ചിട്ടുളളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്</u>

*399 ശ്രീ. പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളെക്കുറിച്ച് വിവരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം തെരഞ്ഞെടുത്ത റോഡുകളുടെ വിശദവിവരം നല്കുമോ; എത്ര കിലോ മീറ്റർ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഏത് വിധത്തിൽ പണം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>കാര്യക്ഷമമായ റവന്യൂ ഭരണം</u>

*400 ശ്രീ. കെ.എൻ.എ ഖാദർ
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കറയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റവന്യൂ ഭരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ കോളേജുകളിലെ അനധികൃത പ്രവേശനം</u>

*401 ശ്രീ. ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ആർ. രാജേഷ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന സ്വാശ്രയ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് അനധികൃത പ്രവേശനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോളേജുകളിൽ ഇത്തരത്തിൽ പ്രവേശനം നൽകിയിട്ടുണ്ടെന്നും ഏതെല്ലാം കോഴ്സുകൾക്കാണ് പ്രവേശനം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; പ്രസ്തുത അനധികൃത പ്രവേശനം കണ്ടെത്താനുള്ള സംവിധാനം എന്താണ്;

(സി) അനധികൃത പ്രവേശനം നൽകിയ സ്വാശ്രയ കോളേജുകളുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>കാര്യക്ഷമമായതും സമയബന്ധിതവുമായ ദുരിതാശ്വാസ പ്രവര്‍ത്തനങ്ങള്‍</u>

*402 ശ്രീ. ജോസഫ് വാഴക്കന്‍
,, കെ. ശിവദാസന്‍ നായര്‍
,, റ്റി. എന്‍. പ്രതാപന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ദുരിതാശ്വാസ ധനസഹായം കാലതാമസമില്ലാതെ വിതരണം ചെയ്യാന്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് വകുപ്പ് തലത്തില്‍ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ചകിരി ഇറക്കുമതിയും സംഭരണവും</u>

*403 ശ്രീ. കെ. അജിത്
,, പി. തിലോത്തമൻ
,, വി. ശശി
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം; പ്രതിവർഷം ഇറക്കുമതി ചെയ്യുന്ന ചകിരി എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ തൊണ്ട് സംഭരിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) തൊണ്ടു സംഭരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള സാദ്ധ്യതയുണ്ടോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>രജിസ്ട്രേഷന്‍ വകുപ്പിന്റെ റവന്യൂ കളക്ഷന്‍</u>

*404 ശ്രീ. എ. റ്റി. ജോര്‍ജ്
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും**
**ഉപഭോക്തൃസംരക്ഷണവുംരജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) രജിസ്ട്രേഷന്‍ വകുപ്പില്‍ റവന്യൂ കളക്ഷന്‍ വര്‍ദ്ധിപ്പിക്കുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) റവന്യൂ കളക്ഷനില്‍ പിന്നോക്കം നില്‍ക്കുന്ന ജില്ലകളില്‍ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ചിട്ടുളള മാര്‍ഗ്ഗങ്ങള്‍ എന്തെല്ലാമാണ് ;

(സി) ഇതിനായി ഒറ്റത്തവണ തീര്‍പ്പാക്കല്‍ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>മരാമത്ത് പ്രവൃത്തികളുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് നിരക്ക്</u>

*405 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ഇ.പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിരക്ക് പരിഷ്കരിക്കുകയുണ്ടായോ ;

(ബി) മുൻസർക്കാരിന്റെ കാലത്ത് അവസാനമായി എസ്റ്റിമേറ്റ് പരിഷ്കരിച്ച് ഉത്തരവായതെന്നാണെന്ന് അറിയിക്കുമോ;

(സി) ടെണ്ടർ കമ്മിറ്റികൾ എസ്റ്റിമേറ്റ് നിരക്ക് അധികരിച്ച് നൽകുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രവൃത്തികൾക്ക് എത്ര ശതമാനം വീതം എസ്റ്റിമേറ്റ് നിരക്ക് അധികരിച്ച് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ദുരന്ത നിവാരണ പ്രവർത്തനങ്ങൾ</u>

*406 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി.എ. അഹമ്മദ് കബീർ
,, പി.കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടേണ്ടിവരുന്ന പ്രധാന ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച മുൻഗണനാലിസ്റ്റ് വെളിപ്പെടുത്താമോ;

(ബി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ;

(സി) പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള ജീവഹാനിയുൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം നടത്തി വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് റോഡപകടങ്ങളിലുണ്ടാകുന്ന ജീവഹാനിയും മറ്റു നാശനഷ്ടങ്ങളും കണക്കിലെടുത്ത് അതിനെ പ്രധാന ദുരിതമായി കണക്കാക്കി, നിയന്ത്രണ നടപടികളും ആശ്വാസ നടപടികളും കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

റോഡ് സൈഡിലുള്ള അപകടകരമായ പരസ്യബോർഡുകൾ

*407 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു. റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡരികിലും വളവുകളിലും സ്ഥാപിച്ചിരിക്കുന്ന കൂറ്റൻ പരസ്യബോർഡുകൾ അപകടങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നവരുടെ ശ്രദ്ധ തിരിക്കുന്ന ഇത്തരം ബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) അപകടകാരണങ്ങളാകുന്ന ഇത്തരം പരസ്യബോർഡുകൾ, പഴകി ദ്രവിച്ച ഡിസ്പ്ലേ ബോർഡുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, കേബിളുകൾ എന്നിവ മാറ്റുവാൻ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

അദ്ധ്യാപക പരിശീലനം

*408 ശ്രീ. ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, പാലോട് രവി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ;

(ഡി) എത്ര ഘട്ടമായിട്ടാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>പാചകവാതകത്തിന്റെ സബ്സിഡി</u>

*409 ശ്രീ. വി. ശിവൻകുട്ടി
,, കോടിയേരി ബാലകൃഷ്ണൻ
,, എം. ഹംസ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതകത്തിന്റെ സബ്സിഡി എടുത്തുകളയുന്നത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് പാചകവാതകത്തിന്റെ വിലവർദ്ധന താങ്ങാൻ കഴിയുന്നതല്ല എന്ന കാര്യം അറിവുണ്ടോ;

(സി) എങ്കിൽ ഇത്തരം നീക്കത്തിനെതിരെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്തെ പാചകവാതക ഉപഭോക്താക്കളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ ഭവനവായ്പ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിന് നടപടി</u>

*410 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഭവനവായ്പ അനുവദിക്കുന്നതിന് വസ്തു ഈടായി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വായ്പയുടെ എത്ര ശതമാനമാണ് രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്നത്;

(സി) പ്രസ്തുത ഭവന വായ്പാ തുക പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാകയാൽ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>എസ്.എസ്.എൽ.സി ബുക്കിലെ തെറ്റു തിരുത്തൽ</u>

*411 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി ബുക്കിൽ ജനനതീയതി ഉൾപ്പെടെ ഉള്ള തെറ്റുകൾ തിരുത്തുന്നതിനുള്ള കാലതാമസം മൂലം വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) പരീക്ഷാ ഭവനിൽ നിന്നുള്ള സേവനങ്ങൾ സുതാര്യമാക്കുന്നതിനും അവ എത്രയും വേഗം ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>റേഷൻ കാർഡുടമകൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡിയിൽ മാറ്റം</u>

*412 ശ്രീ. എ. പ്രദീപ്കുമാർ
'' കെ.കെ. നാരായണൻ
ഡോ. കെ.ടി. ജലീൽ
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുടമകൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡിയിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇത്തരം മാറ്റം വരുത്തുന്നതിലൂടെ ഉദ്ദേശിക്കുന്നതെന്താണ്;

(ബി) പുതിയ സമ്പ്രദായമനുസരിച്ച് ബി.പി.എൽ കാർഡുടമകളടക്കം എല്ലാവരും ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ടോ;

(സി) മുൻപ് ആവശ്യപ്പെട്ട പ്രകാരം വളരെയേറെ ഉപഭോക്താക്കൾ പോസ്റ്റൽ എസ്.ബി അക്കൗണ്ട് തുടങ്ങിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിലുള്ള മാറ്റം സാധാരണ ഉപഭോക്താക്കളെ സാരമായി ബാധിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങള്‍ ഉറപ്പാക്കുന്നതിന് നടപടി</u>

*413 ശ്രീ. എസ്. രാജേന്ദ്രന്‍
,, എളമരം കരീം
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങള്‍ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ടോയ്ലറ്റും കുടിനീര്‍ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഇവ ഉള്‍പ്പെടെ അടിസ്ഥാന സൗകര്യങ്ങള്‍ പൂര്‍ണ്ണമായും ഇല്ലാത്ത എത്ര സ്കൂളുകള്‍ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ബഹു: കേരള ഹൈക്കോടതി ഇക്കാര്യത്തില്‍ നല്‍കിയ നിര്‍ദ്ദേശം എന്തായിരുന്നു?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ഉല്പന്നങ്ങളുടെ വ്യാജ പരസ്യം</u>

*414 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇല്ലാത്ത ഗുണങ്ങൾ പറഞ്ഞുകൊണ്ടുള്ള വിവിധ ഉല്പന്നങ്ങളുടെ വ്യാജ പരസ്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഗുണങ്ങൾ മാത്രമെ ഉല്പന്നങ്ങളുടെ പരസ്യത്തിൽ ഉൾപ്പെടുത്താവൂ എന്ന നിയമം കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അക്രെഡിറ്റേഷൻ</u>

*415 ശ്രീ. അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രെഡിറ്റേഷൻ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പഠനം നടത്തുവാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ലൈഫ്സ്കിൽ ക്ലബുകൾ</u>

*416 ശ്രീ. വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ലൈഫ് സ്കിൽ ക്ലബ്ബുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇതിനായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലന പാഠ്യപദ്ധതി തയ്യാറാക്കുമോ;

(ഡി) ഇതിനായി പ്രത്യേക പരിശീലന പാക്കേജ് ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>സ്കൂൾ ക്ലസ്റ്റർ സംവിധാനം</u>

*417 ശ്രീ. ഇ.പി. ജയരാജൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂൾ ക്ലസ്റ്റർ സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഗ്രാമീണപ്രദേശങ്ങളിൽ വർഷങ്ങളായി തുടരുന്നതും എന്നാൽ നഗരപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അംഗബലം കുറവുള്ളതുമായ പ്രൈമറി സ്കൂളുകളുടെ നിലവാരം പ്രസ്തുത സംവിധാനത്തിലൂടെ ഉയർത്തുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ;

(ഡി) അൺ എയിഡഡ് സ്കൂളുകൾക്ക് വ്യാപകമായി എൻ.ഒ.സി നൽകുന്ന നടപടികൾ കാരണം സർക്കാർ വിദ്യാലയങ്ങൾ തകരുന്നു എന്നു കാണിച്ച് അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന പ്രക്ഷോപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്വകാര്യവിദ്യാലയങ്ങളെ അമിതമായി പ്രോത്സാഹിപ്പിക്കുന്ന നയം തിരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2012-ലെ മറുപടിക്ക്

<u>സബ്‌രജിസ്ട്രാർ ഓഫീസുകളിലെ റെക്കോഡുകളുടെ ഡിജിറ്റൈസേഷൻ</u>

*418 ശ്രീ. ബി. സത്യൻ
,, എസ്. ശർമ്മ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സബ്‌രജിസ്ട്രാർ ഓഫീസുകളിലെ റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള എൻ.എൽ.ആർ.എം.പി. പദ്ധതി സപ്തധാരാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>ഭൂമി കേരളം പദ്ധതി</u>

*419 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഭൂമികേരളം' പദ്ധതിയിലൂടെ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമികേരളം പദ്ധതിയുടെ കീഴിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള വില്ലേജുകളിൽ കൈവശ ഭൂമിയുടെ അളവുകളെ സംബന്ധിച്ചും ഉടമസ്ഥാവകാശം സംബന്ധിച്ചും നിലനിന്നിരുന്ന പരാതികളിൽ തീർപ്പു കല്പ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ പ്രസ്തുത പദ്ധതിയുടെ കീഴിൽ റീസർവ്വെ നടപടികൾ അവശേഷിക്കുന്ന ജില്ലകൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) റീസർവ്വെ ജോലികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2012-ലെ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോര്‍പ്പറേഷനുകളുടെ കീഴിലുള്ള റോഡുകള്‍</u>

*420 ശ്രീ. ബെന്നി ബെഹനാന്‍
,, വി. ഡി. സതീശന്‍
,, ഹൈബി ഈഡന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുനരുദ്ധാരണത്തിനായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത കോര്‍പ്പറേഷനുകളുടെ കീഴിലുള്ള തെരഞ്ഞെടുത്ത റോഡുകളുടെ പ്രവൃത്തികള്‍ക്കായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇതിന് എന്തു തുക വകയിരുത്തിയിരുന്നുവെന്ന് വിവരിക്കുമോ;

(സി) കോര്‍പ്പറേഷനുകളിലെ ഇത്തരം റോഡുകളുടെ പ്രവൃത്തികള്‍ പൂര്‍ത്തിയായിട്ടുണ്ടോ;

(ഡി) എങ്കില്‍ പ്രവൃത്തികള്‍ പൂര്‍ത്തിയാക്കാത്ത പ്രസ്തുത റോഡുകള്‍ സമയബന്ധിതമായി തീര്‍ക്കുവാന്‍ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂണ്‍ 19.

പി. കെ. മുരളീധരന്‍,
സെക്രട്ടറി - ഇന്‍ - ചാര്‍ജ്